(ബി) നേരത്തെയുള്ള അപേക്ഷകർക്ക് മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നില്ല. ജൂലൈ 31-ാംതീയ്യതിക്ക് മുമ്പ് അയയ്ക്കുന്ന അപേക്ഷകർ മുഴുവൻ സ്വീകരിക്കാൻ വ്യവസ്ഥയുള്ള സ്ഥിതിക്ക് മുൻഗണനയുടെ ആവശ്യമില്ല.

മദ്യനിരോധനം.

* 103. [51] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:

(എ) അടുത്ത സാമ്പത്തികവർഷത്തിൽ ഏതെല്ലാം താലൂക്കുകളാണ് മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) ഇല്ലെങ്കിൽത്തന്നെ, ദേവികുളം പീരുമേട് താലൂക്കുകളിൽ എങ്കിലും മദ്യനിരോധനം നടപ്പിലാക്കാൻ ഗവണ്മെന്റ് നടപടികൾ എടുക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) തീരുമാനിച്ചിട്ടില്ല.

(ബി) കൂടുതൽ പ്രദേശങ്ങളിൽ മദ്യനിരോധനം നടപ്പിലാക്കുവാൻ ആലോചിക്കുമ്പോൾ ദേവികുളം പീരുമേട് താലൂക്കുകളുടെ കാര്യം പരിഗണിക്കുന്നതാണ്.

പുറന്തോക്കുകൾ.

* 104. [52] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) നമ്മുടെ പഞ്ചായത്താക്ടുകൾ വ്യവസ്ഥചെയ്തിരിക്കുന്ന വിധം പുറമ്പോക്കുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാതിരിക്കുന്നതിനു ഗവണ്മെന്റിനു് എന്തു കാരണമാണ് പറയാനുള്ളതു്;

(ബി) കാരണമുണ്ടെങ്കിൽ അതു നീക്കം ചെയ്യാൻ ഇനിയും എത്രകാലംകൂടി വേണ്ടിവരും ഗവണ്മെന്റെന്നു പറയാമോ;

(സി) ആക്ടുകൾ നടപ്പായതിനുശേഷവും ഗവണ്മെന്റ് പഞ്ചായത്തുകളുടെ തടസ്സവാദങ്ങൾക്കെതിരായിപ്പോലും പുറംപോക്കുകൾ തൽപ്പരകക്ഷികൾക്കു് എൽപ്പിച്ചുകൊടുക്കുന്ന കേസുകളില്ലേ;

(ഡി) ആക്ടുകളിലെ വ്യവസ്ഥകളനുസരിച്ചു് പുറംപോക്കുകളൊഴികെ, ഇനിയും എത്രയെല്ലാമാണ് പഞ്ചായത്തുകൾക്കേൽപ്പിക്കാനുള്ളതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ), (ബി) ഈ വിഷയത്തെപ്പറ്റി പഞ്ചായത്താക്ടിൽ ഉള്ള 43-ാം വകുപ്പ് (ബി) ഉപവകുപ്പിൽ പുറംപോക്കുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കണമെന്നു വ്യക്തമായി പറഞ്ഞിട്ടില്ല. പുറമ്പോക്കുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കണം എന്നാണ് പ്രസ്തുത വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly